LIBRARY ARCHIVES Kerala Legislative Assembly

## കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചെറുപ്പ് ഹെൽത്ത് സെന്ററിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി

157 [1633] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധാരാളം രോഗികളെത്തുന്ന കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചെറുപ്പ് ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റുകളടക്കം വേണ്ടത്ര ഡോക്ടർമാരെ നിയമിക്കുവാനും അതിന്റെ പ്രവർത്തനം സുഗമമാക്കാനും സത്വര നടപടി സ്വീകരിക്കുമോ?

### ഉത്തരം

ഈ ഹെൽത്ത് സെന്ററിൽ നിലവിലുള്ള ഡോക്ടർമാരുടെ മൂന്ന് തസ്തികകളിലും ആളെ നിയമിച്ചിട്ടുണ്ട്. ഇവിടുത്തെ പ്രവർത്തനം സുഗമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകൾ

158 [1634] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഇപ്പോൾ എത്ര ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ ആശുപത്രിയിൽ നിലവിൽ രണ്ട് അസിസ്റ്റന്റ് സർജൻമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. അതിൽ ദിവസവേതന വ്യവസ്ഥയിൽ ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. സ്റ്റാഫ് നേഴ്സിന്റെ ഒരു ഒഴിവും ഉണ്ട്.

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഡോ. ടി. എൻ. രാജേന്ദ്രന്റെ സ്ഥലംമാറ്റം റദ്ദാക്കാൻ നടപടി

159 [1635] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. ടി. എൻ. രാജേന്ദ്രൻ എന്ന ഗൈനക്കോളജിസ്റ്റിനെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ നിന്നും സ്ഥലംമാറ്റിയത് എന്നാണ്; സ്ഥലംമാറ്റത്തിന് ആധാരമായ കാര്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത ഡോക്ടറുടെ സ്ഥലംമാറ്റം റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തുമോ?

ഉത്തരം

(എ) 1-11-2002-ൽ ആണ് സ്ഥലം മാറ്റിയത്. കൊട്ടാരക്കര താലൂക്കാശുപത്രിയിലെ ഡോക്ടർ ടി. എൻ. രാജേന്ദ്രൻ ഉൾപ്പെടെയുള്ള ചില ഡോക്ടർമാരും മറ്റു ജീവനക്കാരും രോഗികളിൽ നിന്നും 500 രൂപ മുതൽ 1000 രൂപ വരെ കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നതായി വിജിലൻസ് ഡയറക്ടർ മുഖാന്തിരം ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്തി. ഇതുകൂടാതെ രോഗികളെ ഡോ. രാജേന്ദ്രനും മറ്റൊരു ഡോക്ടറും അഞ്ചലിലുള്ള ഒരു മെഡിക്കൽ സ്റ്റോറിലേക്ക് പറഞ്ഞയയ്ക്കുന്നതായും പ്രസ്തുത റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിനുശേഷ മാണ് ഡോ. ടി. എൻ. രാജേന്ദ്രനെ സ്ഥലംമാറ്റിയത്.

(ബി ആന്റ് സി) ഡോ. ടി. എൻ. രാജേന്ദ്രൻ രോഗികളിൽ നിന്നും 500 രൂപ മുതൽ 1000 രൂപ വരെ കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നതായി വിജിലൻസ് ഡയറക്ടർ മുഖാന്തിരം ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇതുകൂടാതെ രോഗികളെ ഡോ. രാജേന്ദ്രനും മറ്റൊരു ഡോക്ടറും അഞ്ചലിലുള്ള ഒരു മെഡിക്കൽ സ്റ്റോറിലേക്ക് പറഞ്ഞയയ്ക്കുന്നതായും പ്രസ്തുത റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു. ഗുരുതരമായ ഇക്കാര്യം ഗവൺമെന്റ് വിശദമായി പരിശോധിച്ചതിനുശേഷമാണ് മറ്റുള്ളവർക്കൊപ്പം ഡോ. ടി. എൻ. രാജേന്ദ്രനെയും സ്ഥലംമാറ്റിയത്. ആയതിനാൽ സ്ഥലംമാറ്റം റദ്ദാക്കേണ്ടതില്ല എന്നാണ് ഗവൺമെന്റ് നിലപാട്.

## ആരോഗ്യ വകുപ്പിലെ ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ തസ്തിക

160 [1636] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ തസ്തിക നിലവിലുണ്ടോ;

(ബി) മുൻ ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ വിരമിച്ചതിന് ശേഷം ഈ തസ്തിക നികത്തിയ രീതി വിശദമാക്കാമോ;

(സി) പ്രസ്തുത വകുപ്പിലെ കോൾഡ് ചെയിൻ ഓഫീസർക്ക് ട്രാൻസ്പോർട്ട് ഓഫീസറുടെ ചാർജ് കൊടുക്കുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly